പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2772 **28-10-2026-ൽ മറുപടിയ്ക്ക്**

കൊച്ചി മണ്ഡലത്തിനായുള്ള പ്രത്യേക ഭവന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഭവനനിർമ്മാണ വകുപ്പും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡും മുഖേന സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന ഭവനനിർമ്മാണ പദ്ധതികൾ, ഭവനവായ്പാ പദ്ധതികൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സാമ്പത്തികമായി ദുർബ്ബലരായവർക്കും താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്കും ഭവനസൗകര്യം ലഭ്യമാക്കുന്നതിനായി ഇ.ഡബ്ല്യൂ. എസ്/എൽ. ഐ.ജി. ഭവനപദ്ധതികൾ, ഗൃശ്രീ ഭവനപദ്ധതി, മെഡിക്കൽ കോളേജുകൾക്ക് സമീപം റവന്യൂ ഭൂമി ലഭ്യമാകുന്ന ഇടങ്ങളിൽ നടപ്പിലാക്കുന്ന ആശ്വാസ് വാടക ഭവനപദ്ധതി, സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി, ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം, വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ചു നടത്തുന്ന തന്റെയിടം പദ്ധതി, എന്നിവയാണ് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഉറപ്പാക്കുന്നതിനായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികളും ബോർഡ് നടപ്പിലാക്കിവരുന്നു. മുതിർന്ന പൗരൻമാർക്കായി തൃശ്ശൂർ ജില്ലയിലെ മുളംകുന്നത്തുകാവിൽ സീനിയർ സിറ്റിസൺ ഹോംസ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഫലപ്രദമായി വിനിയോഗിച്ച് പാർപ്പിട സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം (ജഗതി), കോഴിക്കോട് എന്നിവിടങ്ങളിൽ പാരസ്പര്യം മാതൃകയിലുള്ള പാർപ്പിട സമുച്ചയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ, കൊച്ചി മറൈൻ ഡ്രൈവിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.9 ഏക്കർ ഭൂമിയിൽ താമസ-വാണിജ്യ സമുച്ചയങ്ങൾ, ഹോട്ടൽ, കൺവെൻഷൻ സെന്റർ തുടങ്ങിയവ ഉൾപ്പെടുത്തി മൂന്ന് ഘട്ടങ്ങളിലായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന മറൈൻ ഇക്കോ സിറ്റി പദ്ധതിയും ബോർഡിന്റെ പ്രധാന വികസന സംരംഭമാണ്.

ഗൃഹശ്രീ ഭവന പദ്ധതി, ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം എന്നീ പദ്ധതികളാണ് ബോർഡ് മുഖേന സർക്കാർ നടപ്പാക്കി വരുന്ന വായ്പാ പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങളും ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ധനസഹായം, സബ്സിഡി, പലിശ ഇളവുകൾ എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ;

മറുപടി:

ഭവനനിർമ്മാണ ബോർഡ് മുഖേന സർക്കാർ നടപ്പാക്കി വരുന്ന ഭവന വായ്പാ/ സബ്സിഡി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഗൃഹശ്രീ ഭവന പദ്ധതി

ഗൃഹശ്രീ ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ധനസഹായമായി സർക്കാർ സബ്സിഡി 3 ലക്ഷം രൂപ അനുവദിച്ച് വരുന്നു. ടി തുകയ്ക്ക് തിരിച്ചടവ് ഇല്ലാത്തതിനാൽ പലിശ ഇളവുകൾ ഒന്നും തന്നെ ഇല്ല.

സ്വന്തമായി വാസയോഗ്യമായ വീടില്ലാത്ത കുറഞ്ഞത് 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS) വിഭാഗം/താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽപ്പെട്ടവരാണ് ഗുണഭോക്താക്കൾ.

ഗുണഭോക്താവ് -1 ലക്ഷം രൂപയും സ്പോൺസർ -1 ലക്ഷം രൂപയും ഒടുക്കേണ്ടതും വീടിന്റെ നിർമ്മാണ ഘട്ടം അനുസരിച്ച് 3 ലക്ഷം രൂപ സർക്കാർ സബ്സിഡി ഉൾപ്പെടെ 4 ഗഡുക്കളായി 5 ലക്ഷം രൂപ ഭവനനിർമ്മാണത്തിന് നല്കുന്നതാണ്. തറ വിസ്തീർണം 83 ച. മീറ്ററിൽ അധീകരിക്കുവാൻ പാടുള്ളതല്ല.

2.ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം

12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയുള്ള ലോൺ എടുത്തു വീട് നിർമ്മിക്കുന്നവർക്ക് 25% സബ്സിഡി അല്ലെങ്കിൽ പരമാവധി 3 ലക്ഷം രൂപ സബ്സിഡി നല്കുന്ന പദ്ധതിയാണ് ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം.

ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഭവന വായ്പ എടുക്കുന്നതോടൊപ്പം ബോർഡ് അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന LIG/MIG ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും തവണകളായി വായ്പ തുക ലഭിക്കുന്നതിനൊപ്പം സർക്കാർ സബ്സിഡി ലഭ്യമാകുന്ന മുറയ്ക്ക് ബോർഡിൽ നിന്നും ലോൺ തുകയുടെ അനുപാതികമായി സബ്സിഡി തുക വിതരണം ചെയ്യുന്നതാണ്. ടി തുകയ്ക്ക് തിരിച്ചടവ് ഇല്ലാത്തതിനാൽ പലിശ ഇളവുകൾ ഒന്നും തന്നെ ഇല്ല.

വീട് നിർമ്മാണത്തിന് അനുവദനീയമായ ഏരിയ 100 മുതൽ 160 ച.മീറ്റർ വരെയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ഗുണഭോക്താവ് സ്വന്തം ഉത്തരവാദിത്തത്തിൽ നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കി ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

മേൽ പദ്ധതികളുടെ ഗുണഭോക്താക്കൾ സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരോ, വീട് നിർമ്മാണത്തിന് സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചവരോ ആകരുത്.

ഭവന നിർമ്മാണത്തിന് സബ്സിഡി തുക ലഭിക്കുന്ന ഗുണഭോക്താക്കൾ തുക പൂർണ്ണമായും കൈപ്പറ്റി 15 വർഷത്തിനകം പ്രസ്തുത ഭവനം കൈമാറാനോ വില്ക്കുവാനോ പാടുള്ളതല്ല.

(സി) കൊച്ചി നിയോജകമണ്ഡലത്തിൽ, പ്രത്യേകിച്ച് ചെല്ലാനം, പശ്ചിമകൊച്ചി തുടങ്ങിയ തീരദേശ-നഗരമേഖലകളിൽ ഭവനനിർമാണ ബോർഡ് വഴി നടപ്പിലാക്കാൻ പ്രത്യേക പദ്ധതികളോ ഭവനസമുച്ചയങ്ങളോ ആവിഷ്കരിച്ചിട്ടുണ്ടോ;

മറുപടി: നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ കൊച്ചിക്ക് പ്രത്യേക ഭവനപദ്ധതി അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: നടപ്പ് സാമ്പത്തിക വർഷം പരിഗണനയിലില്ല. കൊച്ചി നിയോജകമണ്ഡലത്തിലെ ഭവനാവശ്യങ്ങൾ പരിഗണിച്ച്, സർക്കാർ നയങ്ങൾക്കും ലഭ്യമായ സാമ്പത്തിക വിഭവങ്ങൾക്കും ഭൂമിയുടെ ലഭ്യതയ്ക്കും വിധേയമായി അനുയോജ്യമായ പ്രത്യേക ഭവനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ